**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6711** **11-11-2021 - ൽ മറുപടിയ്ക്ക്**

**വായു മലിനീകരണവും പൊല്യൂഷൻ സർട്ടിഫിക്കറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾ മൂലമുണ്ടാകുന്ന വായു മലിനീകരണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പഴയ വാഹനങ്ങളിൽ നിന്നുള്ള വായുമലിനീകരണം തടയുന്നതിനു വേണ്ടി ഇത്തരം വാഹനങ്ങളുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുന്നതിനായി സർക്കാർ ഹരിത നികുതി ചുമത്തി വരുന്നുണ്ട്. ഇതനുസരിച്ച് 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 4 ചക്രമോ അതിൽ കൂടുതലോ ഉള്ള ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നും, 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള, 4 ചക്രമോ അതിൽ കൂടുതലോ ഉള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നും ഹരിത നികുതി ഈടാക്കി വരുന്നുണ്ട്. അതുപോലെ തന്നെ കൂടുതൽ വായുമലിനീകരണം ഉണ്ടാക്കുന്ന പെട്രോൾ / ഡീസൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ കുറയ്ക്കുന്നതിനും അവയുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വേണ്ടി സർക്കാർ Electric Vehicle Policy രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളായ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ നികുതി, വിലയുടെ 5% ആയി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റു വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. സർക്കാർ ഉത്തരവ് (GO(P)No.12/2021/Trans dated 23/02/2021 in SRO No.231/2021) പ്രകാരം 01/04/2021 മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ നികുതിയുടെ 50% ഇളവും അനുവദിച്ചിട്ടുണ്ട്. 3,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥർക്ക് 30,000/- രൂപ സബ്സിഡിയും നൽകി വരുന്നു. ഇലക്ട്രിക് വാഹനങ്ങളെ കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated : 18/10/2018 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി. മാത്രമല്ല കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 02/08/2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 01/06/2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ എന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ വാഹനങ്ങളിൽ മായം ചേർത്ത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതു മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയുന്നതിനായി ഇത്തരം വാഹനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള കർശനമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി. യിലേയ്ക്കും സി.എൻ.ജി. യിലേയ്ക്കും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച ഇ.വി പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇതിൽ 2 ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ്-ന് സർവ്വീസ് നടത്തുന്നതിനായി വിട്ട് നൽകിയിട്ടുള്ളതും, ശേഷിക്കുന്ന 8 ബസ്സുകൾ കോർപ്പറേഷന്റെ പക്കലും ലഭ്യമാണ്. |
| (ബി) | നിലവിലെ വായു മലിനീകരണത്തിന്റെ തോത് എത്രയാണ്; കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ വായു മലിനീകരണം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ വായുമലിനീകരണം നിയന്ത്രിക്കുന്നതിനായി സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് പൊല്യൂഷൻ ടെസ്റ്റ് ചെയ്ത് Pollution Under Control (PUC) സർട്ടിഫിക്കറ്റ് എടുക്കുന്നുണ്ട്. ബസുകളുടെ മലിനീകരണത്തോത്, Smoke Density – |

| | | | |
|---|---|---|---|
| | | | 2.45/metre - ൽ കുറവായി പരിപാലിക്കുന്നു. കെ.എസ്.ആർ. ടി.സി ബസുകളുടെ മലനീകരണത്തോത് അനുവദനീയമായ പരിധിയിൽ പരിപാലിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ Fuel System പരിശോധനയും മെയിന്റനൻസും നടത്തുന്നു. വാഹനങ്ങളുടെ എയർ ഫിൽറ്ററുകൾ, ഡീസൽ ഫിൽറ്ററുകൾ മുതലായവ കൃത്യമായ ഇടവേളകളിൽ വാഹന നിർമ്മാതാവ് നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരത്തിലുള്ള ഫിൽറ്ററുകൾ ഉപയോഗിച്ച് മാറ്റുന്നു. |
| (സി) | നിലവിൽ സർക്കാർ വകുപ്പുകളിലെ വാഹനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്താറുണ്ടോയെന്നും അറിയിക്കാമോ; | (സി) | സർക്കാർ വകുപ്പുകളിലെ വാഹനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട പരിശോധനകൾ നടക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി വാഹനങ്ങൾക്ക് PUC സർട്ടിഫിക്കറ്റ് കൃത്യമായി സൂക്ഷിക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. BS-III വരെയുള്ള വാഹനങ്ങൾ ആറുമാസം കൂടുമ്പോഴും BS-IV മുതൽ മുകളിലേക്കുള്ള വാഹനങ്ങൾ ഒരു വർഷം കൂടുമ്പോഴും PUC സർട്ടിഫിക്കറ്റ് പുതുക്കുന്നുണ്ട്. |
| (ഡി) | സർക്കാർ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പുതുക്കിനൽകുന്നതിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന് തീരുമാനിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ഡി) | നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് സർക്കാർ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പുതുക്കി നൽകുന്നതിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ